കായംകുളം മണ്ഡലത്തിലെ കനാൽ പുറംപോക്കിലെ താമസക്കാർക്ക് പട്ടയം

136 (850) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിലെ കനാൽ പുറംപോക്കിലെ പാവപ്പെട്ട താമസക്കാർക്ക് നാളിതുവരെ പട്ടയം നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അടിയന്തിരമായി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എത്ര അപേക്ഷകരാണ് ഈ മണ്ഡലത്തിൽ കനാൽ തോട് പുറംപോക്കുകളിൽ താമസക്കാരായിട്ടുള്ളത് ;

(ഡി) ഇവർക്ക് പട്ടയം നൽകുവാൻ എന്തെങ്കിലും തടസമുണ്ടെങ്കിൽ അവ നീക്കി എത്രയും വേഗം പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ബഹു. കേരളാ ഹൈക്കോടതിയുടെ 27-6-1997-ലെ ഒ. പി. 17233 /96 -ാം നമ്പർ വിധിപ്രകാരം പരിസ്ഥിതി സംരക്ഷണാർത്ഥം റോഡ്, തോട്, കുളം, പുഴ എന്നീ പുറംപോക്കുകൾ പതിച്ചു നൽകാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കനാൽ പുറംപോക്ക് പതിച്ചു നൽകാൻ നിർവാഹമില്ല.

(സി) 35 പേർ കനാൽ തോട് പുറംപോക്കുകളിൽ താമസിക്കുന്നുണ്ട്. അവർക്കെല്ലാം കൈവശരേഖ നൽകിയിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ കോടതി ഉത്തരവ് നിലനിൽക്കുന്നതിനാൽ പട്ടയം നൽകാൻ നിർവ്വാഹമില്ല.

ലക്ഷം വീട് കോളനി നിവാസികൾക്കും പുറംപോക്കു നിവാസികൾക്കും പട്ടയം നൽകാൻ നടപടി

137 (853) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുർബല വിഭാഗങ്ങളുടെ കൈവശമുള്ള ഭൂമിക്ക് ഉദാരമായ വ്യവസ്ഥകളിൽ പട്ടയം നൽകുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നടപടിമൂലം ഏതൊക്കെ വിഭാഗങ്ങൾക്ക് പട്ടയം നൽകാൻ കഴിഞ്ഞു ;

(ബി) സംസ്ഥാനത്തെ എല്ലാ ലക്ഷംവീട് കോളനി നിവാസികൾക്കും പുറംപോക്കു നിവാസികൾക്കും പട്ടയം നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) പരമാവധി ജനങ്ങൾക്ക് പട്ടയം നൽകുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഗ്രാമീണ ഭൂരഹിത തൊഴിലാളികൾക്ക് ഒരു ലക്ഷം ഭവന നിർമ്മാണ പദ്ധതി അനുസരിച്ച് ഭൂമി വിതരണം ചെയ്യുമ്പോൾ സർവ്വേ, ഡീമാർക്കേഷൻ ഇനത്തിൽ നാമമാത്രമായ തുകയാണ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നത്.

(ബി) എല്ലാവർക്കും പട്ടയം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പൂർത്തിയായിട്ടില്ല.

(സി) അർഹതപ്പെട്ട എല്ലാ അപേക്ഷകർക്കും പട്ടയം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കൈവശഭൂമിക്ക് പട്ടയം

138 (855) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ എത്ര പേർക്ക് കൈവശഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ഏക്കർ ഭൂമിക്കാണ് ഇത്തരത്തിൽ പട്ടയം നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) കേരള ഭൂമി പതിവു ചട്ടങ്ങളും മറ്റുംപ്രകാരം ആകെ 95,542 പട്ടയങ്ങളും കേരള ഭൂപരിഷ്കരണ നിയമപ്രകാരം 1,46,128 പട്ടയങ്ങളും നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

ചടയമംഗലം മണ്ഡലത്തിലെ കൈവശഭൂമിക്ക് നൽകിയ പട്ടയം

139 (856) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കൈവശ കൃഷിക്കാർക്ക് പട്ടയം നൽകി ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇക്കാലയളവിൽ എത്രപേർക്ക് വനഭൂമിക്ക് പട്ടയം നൽകി ;

(സി) ചടയമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ഇപ്രകാരം എത്രപേർക്ക് പട്ടയം നൽകി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള ഭൂമി പതിവു ചട്ടങ്ങളും മറ്റുംപ്രകാരം ആകെ 95542 പട്ടയങ്ങളും കേരള ഭൂപരിഷ്കരണ നിയമപ്രകാരം 146128 പട്ടയങ്ങളും നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ഇപ്പോൾ ലഭ്യമല്ല.

(ബി) മൊത്തം 13,284 പേർക്ക് വനഭൂമിക്ക് നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly